**DE-07/2025/112** (Pages : 8)

Maximum : 100 marks

Time : 2 hours

I. ഉചിതപദം ചേർത്ത് പൂരിപ്പിക്കുക.

(a) അമൂർത്തമായ അനുഭവത്തെ ________ ആക്കി തീർക്കുകയാണ് കവി.
(ഇന്ദ്രിയവേദ്യം, ഇന്ദ്രിയഭേദ്യം)

(b) കവിതയിലെ വാക്കുകളുടെ നിബന്ധനാരീതിയേയും ________ നിർണ്ണയിക്കുന്ന സാങ്കേതിക ഘടകം വൃത്തമാണ്.
(വിന്യാസക്രമത്തേയും, വ്യസനക്രമത്തേയും)

(c) നിശ്ശബ്ദം എന്നർത്ഥം വരുന്ന പദമാണ് ________
(നിസ്തൃതം, നിഭൃതം)

(d) സ്വന്തം ഇച്ഛ എന്നതിന്റെ ഒറ്റപ്പദമാണ് ________
(സ്വേച്ഛ, സ്വതിച്ഛ)

(e) ഇടിമുഴക്കം എന്നർത്ഥം വരുന്ന പദമാണ് ________
(മേഘവിസ്ഫോടനം, മേഘഗർജ്ജനം,)

(f) ജീവൻ നിലനിർത്തുന്നതിന് പ്രാണവായു ________ ആണ്.
(അഭിലഷണീയമാണ്, അനുപേക്ഷണീയമാണ്)

(g) കാറ്റും കോളും കൊണ്ട് കടൽ ________ ആണ്.
(പ്രക്ഷുബ്ധം, പ്രഷുബ്ധം)

(h) സാങ്കേതിക വിദ്യയുടെ ________ വാർത്താവിനിമയ രംഗത്ത് വിപ്ലവം സൃഷ്ടിച്ചു.
(പ്രാചുര്യം, പ്രചുര്യം)

(i) ഒഴിവാക്കാനാകാത്തത് എന്നർത്ഥം വരുന്ന പദം ________.
(അനിവാര്യം, അനിർവാര്യം)

(j) ഉറക്കെപ്പറയുക എന്നർത്ഥം വരുന്ന പദം ________.
(ഉദ്ഘോഷിക്കുക, ഉത്ഘോഷിക്കുക)

(10 × 1 = 10 Marks)

II. ശരിയായ വാക്ക് തെരഞ്ഞെടുക്കുക.

| | | |
|---|---|---|
| (a) | ദീർഘദർശി | ദീർഖദർശി |
| (b) | ബലിഷ്ഠം | ബലിഷ്ഠം |
| (c) | വാക്മി | വാഗ്മി |
| (d) | വിജൃംഭിക്കുക | വിജൃംബിക്കുക |
| (e) | പ്രചണ്ഡം | പ്രചണ്ടം |
| (f) | പ്രജ്ഞ | പ്രഞ്ജ |
| (g) | മയൂഖം | മയൂകം |
| (h) | ശ്രോത്രാവ് | ശ്രോതാവ് |
| (i) | അപതാനം | അപദാനം |
| (j) | കദനം | കതനം |

(10 × 1 = 10 Marks)

III. അർത്ഥഭേദമുള്ള പദം കണ്ടെത്തുക.

(a) (i) വള (ii) കങ്കണം
(iii) കടകം (iv) കഴകം

(b) (i) അനിലൻ (ii) പവനൻ
(iii) സമീരൻ (iv) അനലൻ

(c) (i) നദി (ii) തടിനി
(iii) തരുണി (iv) വാഹിനി

(d) (i) ഭുജംഗം (ii) ഫണം
(iii) പന്നഗം (iv) ഉരഗം

(e) (i) സൂത (ii) തനയ
(iii) പുത്രി (iv) മകൾ

(f) (i) മർത്ത്യൻ (ii) തനുജൻ
(iii) മാനവൻ (iv) മനുഷ്യൻ

(g) (i) അളി (ii) സഖി
(iii) തോഴി (iv) വയസ്യ

(h) (i) ശുകം (ii) കീരം
(iii) ഖഗം (iv) ശാരിക

(i) (i) വ്യോമം (ii) ഗഗനം
(iii) അചലം (iv) ആകാശം

(j) (i) സിതം (ii) ചേല
(iii) വസനം (iv) ആട

**(10 × 1 = 10 Marks)**

IV. ചുവടെ തന്നിരിക്കുന്ന ഗദ്യഭാഗം വായിച്ച് ചുവടെ ചേർത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

ഭാരതത്തിലെ ഏറ്റവും വലിയ സാഹിത്യപുരസ്കാരമാണ് ജ്ഞാനപീഠപുരസ്കാരം. ഭാരതസർക്കാർ നൽകുന്ന ഔദ്യോഗിക പുരസ്കാരമല്ലെങ്കിലും കേന്ദ്രസാഹിത്യ അക്കാദമി ഫെല്ലോഷിപ്പുപോലുള്ള വലിയ അംഗീകാരമായാണ് സാഹിത്യതല്പരർ ജ്ഞാനപീഠത്തെ കരുതുന്നത്. 1944-ൽ കൊൽക്കത്തയിൽ സ്ഥാപിതമായ ജ്ഞാനപീഠം ട്രസ്റ്റാണ് ഇന്ത്യൻ ഭരണഘടന അംഗീകരിച്ചിട്ടുള്ള ഭാഷകളിൽ സമഗ്രസംഭാവനകൾ നൽകിയ ഉന്നതരായ എഴുത്തുകാർക്ക് എല്ലാ വർഷവും ഈ പുരസ്കാരം നൽകിവരുന്നത്. 1965 മുതലാണ് പുരസ്കാരം നൽകിത്തുടങ്ങിയത്. ആദ്യ പുരസ്കാരം മലയാളഭാഷയ്ക്കായിരുന്നു - ജി. ശങ്കരക്കുറുപ്പിന്റെ 'ഓടക്കുഴൽ' എന്ന കാവ്യസമാഹാരത്തിന്. 1982 വരെ ഒരു ഭാഷയിലെ ഏറ്റവും മികച്ച കൃതിക്കായിരുന്നു പുരസ്കാരം നൽകിയിരുന്നത്. 1982 മുതൽ വ്യക്തികളുടെ സമഗ്രസംഭാവനകളെ പരിഗണിച്ച് പുരസ്കാരം നൽകിത്തുടങ്ങി.

വാഗ്ദേവി ശില്പം, പ്രശസ്തിപത്രം, സമ്മാനത്തുക എന്നിവ അടങ്ങുന്നതാണ് ജ്ഞാനപീഠപുരസ്കാരം. ഭോജരാജാവ് ക്രിസ്ത്വബ്ദം 1035-ൽ ഉജ്ജയിനിയിലെ ധാരനഗരത്തിൽ സരസ്വതീ കണ്ഠാഭരണ പ്രസാദക്ഷേത്രത്തിൽ പ്രതിഷ്ഠിച്ച വാഗ്ദേവതാ ശില്പത്തിന്റെ വെങ്കലത്തിൽ വാർത്തെടുത്ത മാതൃകയാണ് അവാർഡായി നൽകുന്നത്. വാഗ്ദേവിയുടെ നാലുകരങ്ങളിലായി ഗ്രന്ഥം, കമണ്ഡലു, അക്ഷമാല, താമര എന്നിവ കാണാം. പുരസ്കാരം ഏർപ്പെടുത്തിയകാലത്ത് ഒരു ലക്ഷം രൂപയായിരുന്നു സമ്മാനത്തുക. ഇന്നത് പതിനൊന്നുലക്ഷം രൂപയാണ്. ടൈംസ് ഓഫ് ഇന്ത്യാ ഗ്രൂപ്പിന്റെ ഉടമസ്ഥനും വ്യവസായ പ്രമുഖനുമായ സാഹുജയിൻ കുടുംബത്തിലെ ശാന്തിപ്രസാദ് ജയിനും ഭാര്യ രമാ ജയിനും ചേർന്നാണ് ജ്ഞാനപീഠം ട്രസ്റ്റ് സ്ഥാപിച്ചത്. പാലി, പ്രാകൃതം, സംസ്കൃതം, കന്നഡ തുടങ്ങിയ ഭാഷകളിലെ പ്രാചീനഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുക എന്നതായിരുന്നു പ്രഥമലക്ഷ്യം. ട്രസ്റ്റിന്റെ രൂപവത്കരണത്തിനു കാരണം ശാന്തിപ്രസാദ് ജയിനിന്റെ മാതാവ് മൂർത്തീദേവിയാണ്. അവരൊരിക്കൽ കർണ്ണാടകത്തിലെ മൂഡബിദ്രിയിലെ ഒരു ജൈനക്ഷേത്രത്തിൽ സന്ദർശനത്തിനായി പോയി. അവിടെ വച്ചിരുന്ന ഒരു താളിയോലഗ്രന്ഥം അവരെ ആകർഷിച്ചു. അതിനെപ്പറ്റി അറിയാൻ അവർ താല്പര്യം കാണിക്കുകയും അതു വെളിച്ചത്തു കൊണ്ടുവരണമെന്നു തീരുമാനിക്കുകയും ചെയ്തു. അവരുടെ താല്പര്യം മക്കൾ ഏറ്റെടുക്കുകയും 11-ാം ശതകത്തിൽ വിരചിതമായ 'മഹാബന്ധ്' എന്ന ആ

താളിയോലഗ്രന്ഥമടക്കം നിരവധി ഗ്രന്ഥങ്ങൾ പുറംലോകത്ത് അറിയപ്പെടുകയും ചെയ്തു. മൂർത്തീദേവിയുടെ പേരിലും ജ്ഞാനപീഠം ട്രസ്റ്റ് 1983 മുതൽ ഒരു സാഹിത്യപുരസ്കാരം നൽകിവരുന്നുണ്ട്.

(a) ഭാരതത്തിലെ ഏറ്റവും വലിയ സാഹിത്യപുരസ്കാരമേത്?

(b) ഭാരത സർക്കാർ നൽകുന്ന ഔദ്യോഗിക പുരസ്കാരമല്ല എങ്കിലും ഇതിനെ എങ്ങനെ കണക്കാക്കിവരുന്നു?

(c) ജ്ഞാനപീഠ പുരസ്കാരം നൽകുന്നത് ആർക്കാണ്?

(d) എന്നു മുതലാണ് ജ്ഞാനപീഠ പുരസ്കാരം നൽകി തുടങ്ങിയത്?

(e) ആദ്യ ജ്ഞാനപീഠപുരസ്കാരം ലഭിച്ചത് ആർക്കായിരുന്നു?

(f) ആദ്യ ജ്ഞാനപീഠ പുരസ്കാരത്തിന് അർഹമായ കൃതി ഏത്?

(g) വ്യക്തികളുടെ സമഗ്ര സംഭാവനകളെ പുരസ്കരിച്ച് ജ്ഞാനപീഠ പുരസ്കാരം നൽകി തുടങ്ങിയ വർഷം ഏത്?

(h) എന്തെല്ലാം അടങ്ങുന്നതാണ് ജ്ഞാനപീഠ പുരസ്കാരം?

(i) ആരെല്ലാം ചേർന്നാണ് ജ്ഞാനപീഠം ട്രസ്റ്റ് സ്ഥാപിച്ചത്?

(j) ജ്ഞാനപീഠം ട്രസ്റ്റിന്റെ പ്രഥമ ലക്ഷ്യം എന്തായിരുന്നു?

**(10 × 1 = 10 Marks)**

V. ആശയം വ്യക്തമാക്കുക.

(a) 'നാടായ നാടൊക്കെ കണ്ടുവന്നാലും
വീടാണു ലോകം വലിയലോകം'

(b) 'മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ-
മർത്ത്യനു പെറ്റമ്മ തൻ ഭാഷതാൻ'

(c) 'പണമെന്നുള്ളതു കൈയ്യിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും'

(d) 'കുഴിവെട്ടിമൂടുക വേദനകൾ
കുതികൊൾക ശക്തിയിലേക്ക് നമ്മൾ'

(e) 'മിതംച സാരംച വചോഹിവാഗ്മിതാ'

**(5 × 2 = 10 Marks)**

VI. നൂറു വാക്കിൽ കവിയാതെ ഉപന്യാസം തയ്യാറാക്കുക.
"മാറുന്ന ഭക്ഷണക്രമവും ജീവിതശൈലീരോഗങ്ങളും".

**(10 Marks)**

VII. പരിസ്ഥിതി ദിനാചരണ പ്രവർത്തനങ്ങൾ തുടർ പ്രവർത്തനം ആക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുന്ന ഒരു പ്രഭാഷണം തയ്യാറാക്കുക.

**(10 Marks)**

VIII. മൂന്നിലൊന്നായി സംഗ്രഹിക്കുക.

സാമ്പത്തിക മാന്ദ്യത്തെക്കുറിച്ച് നാം എത്രയോ തവണ കേട്ടിരിക്കുന്നു. എന്നാൽ, അമേരിക്കയിലെ ഹാർവാർഡ് ബിസിനസ് റിവ്യൂ എന്ന പ്രസിദ്ധീകരണം അടുത്ത കാലത്ത് ചർച്ച ചെയ്ത ഒരു വിഷയം കേൾക്കൂ. സൗഹൃദമാന്ദ്യം അർത്ഥവും ആഴവുമുള്ള സൗഹൃദങ്ങൾ കുറഞ്ഞുവരുന്നതാണ് സൗഹൃദമാന്ദ്യം.

ആത്മമിത്രങ്ങളില്ല എന്നുപറയുന്നവരുടെ എണ്ണം കൂടിക്കൂടി വരുന്നു എന്നാണ് സർവേകൾ കണ്ടെത്തിക്കൊണ്ടിരിക്കുന്നത്. പ്രായപൂർത്തിയായ അമേരിക്കക്കാരിൽ 12 ശതമാനം പറയുന്നത് അടുത്ത സുഹൃത്തുക്കളില്ല എന്നാണ്. 1990-ൽ അങ്ങനെ പറഞ്ഞവരുടെ നാലിരട്ടിയാണത്രേ ഇത്. പത്തോ അതിലധികമോ സൃഹൃത്തുക്കളുണ്ടെന്നു പറയുന്നവരുടെ എണ്ണം ഇതേ കാലയളവിൽ മൂന്നിലൊന്നായി കുറഞ്ഞു. റസ്റ്റാറന്റുകളിൽ തനിച്ചിരുന്നു ഭക്ഷണം കഴിക്കുന്നവരുടെ എണ്ണത്തിൽ ഇക്കഴിഞ്ഞ രണ്ടു വർഷത്തിൽ 29% വർദ്ധനയുണ്ടായെന്നാണ് കാണുന്നത്.

ലോകമെങ്ങും നല്ല സൗഹൃദങ്ങൾ കുറഞ്ഞു വരികയാണ്. നിത്യജീവിതത്തിൽ സൗഹൃദങ്ങൾക്ക് മുൻഗണന ലഭിക്കുന്നില്ല. അതിനാർക്കും സമയമില്ല. ഓരോരുത്തരും ഓരോ ചെറിയ ദ്വീപായി മാറിക്കൊണ്ടിരിക്കുന്നു. സാമൂഹികമായ ഒറ്റപ്പെടൽ, ഹൃദ്രോഗം മുതൽ മറവിരോഗം വരെ വിളിച്ചുവരുത്തുന്നു എന്ന് കണ്ടെത്തിയിട്ടുണ്ട്. ദിവസം 15 സിഗററ്റ് വലിക്കുന്നത്ര ഹാനികരമാണത്രേ ഏകാകിത്വ ബാധ.

ഇഴയടുപ്പമുള്ള സൗഹൃദങ്ങൾ ശാരീരികവും, മാനസികവും, വൈകാരികവുമായ ആരോഗ്യം വർദ്ധിപ്പിക്കുന്ന ദിവ്യമായ മരുന്നാണ്. എൺപതു വർഷത്തെ സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ച് ഹാർവഡ് സർവ്വകലാശാല കണ്ടെത്തിയതും ഇതുതന്നെയാണ്. ആരോഗ്യത്തിനും സന്തോഷത്തിനും അത്യന്താപേക്ഷിതമായ ഘടകം പണമോ, ജോലിയോ അല്ല. നല്ല സൗഹൃദങ്ങളാണ്. ആത്മബന്ധങ്ങളാണ്. ഹാർവഡ് സർവ്വകലാശാലയിൽ ഇപ്പോൾ സൗഹൃദം പാഠ്യവിഷയമാണെന്നുകൂടി ഓർക്കാവുന്നതാണ്. സുഹൃത്തുക്കളെ ഓർക്കുക, അവരുമായി മിണ്ടിയും പറഞ്ഞു മിരിക്കുക, അവർക്കൊപ്പം സമയം ചെലവഴിക്കുക. എന്തുകൊണ്ടെന്നാൽ ജീവിതത്തിലെ ഏറ്റവും വലിയ നിക്ഷേപമാണ് ആ സൗഹൃദം.

മഹാനായ ഉർദു കവി മീർസ ഗാലിബിന്റെ പ്രശസ്തമായ വരികൾ ഇങ്ങനെയാണ്.

'ദൈവമേ, സുഹൃത്തുക്കൾക്കൊപ്പം ജീവിക്കാൻ

എനിക്കവസരം നൽകേണമേ,
നിന്നോടൊപ്പമായിരിക്കാൻ
മരണശേഷവും എനിക്കവസരമുണ്ടല്ലോ'.

**(10 Marks)**

IX. ചുവടെ നൽകിയിട്ടുള്ള കഥാസന്ദർഭം വികസിപ്പിച്ച് കഥാരൂപത്തിലാക്കുക.

നീലപ്പൊന്മാൻ കുഞ്ഞ് – നീണ്ട കൊക്ക് – മറ്റുള്ള പക്ഷികളെ വീക്ഷിക്കുന്നു – തന്റെ കൊക്കിൽ അഭംഗി – അമ്മയോട് പരാതി പറയുന്നു – ഉപജീവനത്തിലെ വൈവിധ്യം – അമ്മ ബോധ്യപ്പെടുത്തുന്നു – മത്സ്യത്തെ കൊത്തിയെടുക്കുന്നു – മറ്റുള്ളവയുടെ രീതിയിൽ വൈവിധ്യം – പ്രകൃതിയിൽ സൃഷ്ടിവൈഭവം ഓരോ ജീവിക്കും വിഭിന്നമാണ്.

**(10 Marks)**

X. സംഭാഷണം പൂർത്തീകരിക്കുക.

മകൻ : അച്ഛന്റെ കുട്ടിക്കാലത്ത് ഈ റോഡും പ്രദേശവും ഇങ്ങനെ തന്നെ ആയിരുന്നുവോ.

അച്ഛൻ :

മകൻ : നെൽപാടവും ചതുപ്പും ഒക്കെ എത്ര വേഗമാണ് ഇങ്ങനെ ആയത്.

അച്ഛൻ : നമ്മുടെ കൃഷിയിടങ്ങൾ ഇങ്ങനെ വളരെ വേഗം രൂപാന്തരപ്പെട്ടുകൊണ്ടിരിക്കുന്നു.

മകൻ :

അച്ഛൻ :

മകൻ :

അച്ഛൻ :

മകൻ : വികസനത്തിന്റെ പേരിൽ കൃഷിയിടങ്ങൾ നശിപ്പിക്കുന്നതിനെതിരായി നമുക്ക് പോരാടാം.

**(10 Marks)**

---